കേരള സർക്കാർ

33981

നം. 22949/സി2/12/ഐ & പി.ആർ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (സി) വകുപ്പ്
തിരുവനന്തപുരം, തീയതി. 19/09/2012

പ്രേഷിതൻ

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്വീകർത്താവ്

ഡയറക്ടർ,

കോളേജ് വിദ്യാഭ്യാസ വകുപ്പ്,

തിരുവനന്തപുരം.

സർ,

വിഷയം:- ഐ&പി.ആർ.ഡി -ഗാന്ധിജയന്തി വാരാഘോഷം 2012 - പരിപാടികളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്.

......................

സർക്കാർ തലത്തിൽ സംഘടിപ്പിക്കുന്ന ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 2 മുതൽ 8 വരെ കിഴക്കേകോട്ട ഗാന്ധിപാർക്ക്, പാളയം വി.ജെ.റ്റി ഹാൾ എന്നിവിടങ്ങളിലായി വിവിധ പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി താഴെ പറയുന്ന കാര്യങ്ങളിൽ താങ്കളുടെ വകുപ്പിൽ നിന്നും നടപടി സ്വീകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

1. ലോക അഹിംസാദിനമായ ഒക്ടോബർ 2 ന് രാവിലെ 7.30 മുതൽ 9 മണി വരെ കിഴക്കേകോട്ട ഗാന്ധിപാർക്കിൽ സർവമതപ്രാർത്ഥന, ഗാന്ധിപ്രതിമയിൽ ഹാരാർപ്പണം, പുഷ്പാർച്ചന എന്നിവ നടക്കും. വിശിഷ്ടാതിഥികൾക്കൊപ്പം വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്. ആയതിലേക്ക് നഗരപ്രദേശത്തു നിന്നുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 50 വിദ്യാർത്ഥികളെ വീതം ഗാന്ധി പാർക്കിൽ പങ്കെടുപ്പിക്കേണ്ടതാണ്.

2. ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 2 മുതൽ 8 വരെ തീയതികളിൽ വി.ജെ.റ്റി.ഹാളിൽ രാവിലെ 10.30 മുതൽ 12.30 മണി വരെ വ്യത്യസ്ഥ വിഷയങ്ങളിൽ സെമിനാറുകൾ നടത്തുന്നുണ്ട്. പങ്കെടുക്കാൻ താല്പര്യമുള്ള വിദ്യാർത്ഥികളെ സെമിനാറിൽ പങ്കെടുപ്പിക്കാൻ വേണ്ട ക്രമീകരണം നടത്തേണ്ടതാണ്.

ഒക്ടോബർ 5,7 തീയതികളിൽ വൈകുന്നേരം 5 മണി മുതൽ 7 മണി വരെ വി.ജെ.ടി ഹാളിൽ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. താത്പര്യമുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കേണ്ടതാണ്.

മേൽപറഞ്ഞ ഓരോ വിഭാഗത്തിലും പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ വിശദാംശങ്ങളും എണ്ണവും സംബന്ധിച്ച കാര്യങ്ങൾ താഴെ പറയുന്ന ഫോൺ നമ്പറുകളിൽ വിളിച്ചറിയിക്കുവാൻ താത്പര്യപ്പെടുന്നു.

*ശ്രീ.ജെ.എം.റഹിം, കോ-ഓർഡിനേറ്റർ, ഗാന്ധിയൻ പഠനകേന്ദ്രം, കേരള സർവകലാശാല നം.9387018695.*
*ശ്രീ.എസ്.ബാഹുലേയൻനായർ, കൾച്ചറൽ ഡവലപ്മെന്റ് ഓഫീസർ ) ഫോൺ നം. 9496003242*

വിശ്വസ്തതയോടെ

എ.ഫിറോസ്

ഡയറക്ടർ

[illegible]

R Jayasu

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പാൾ,

തിരുവനന്തപുരം
22-09-2012

വിഷയം : **ഗാന്ധിജയന്തി മത്സരങ്ങൾ 2012- കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്.**

സർക്കാർ തലത്തിൽ നടക്കുന്ന ഈ വർഷത്തെ ഗാന്ധിജയന്തി വാരാഘോഷത്തിന്റെ ഭാഗമായി ഒക്ടോബർ 2 മുതൽ തിരുവനന്തപുരത്ത് വി.ജെ.ടി ഹാളിൽ സംഘടിപ്പിക്കുന്ന വിവിധ മത്സരങ്ങളിൽ താങ്കളുടെ കോളേജിൽ നിന്നും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ അഭ്യർത്ഥന. മത്സരനിബന്ധനകളും മത്സര ഷെഡ്യൂളും ഇതോടൊപ്പം അയയ്ക്കുന്നു. മത്സരങ്ങളിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് സെപ്റ്റംബർ 30-നകം നേരിട്ടോ, തപാൽ വഴിയോ, ഇ-മെയിൽ വഴിയോ എത്തിക്കേണ്ടതാണ്. വിലാസം 'കൺവീനർ, ഗാന്ധിജയന്തി മത്സരങ്ങൾ, ഗാന്ധിയൻ പഠനകേന്ദ്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം-34' ഇ-മെയിൽ: gandhijayanthi2012@gmail.com. കൂടുതൽ വിവരങ്ങൾക്ക് 0471 -2305663, 9387018695 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

DEPUTY DIRECTOR
Office of the Director of
Collegiate Education
Trivandrum -

കൺവീനർ
ഗാന്ധിജയന്തി വാരാഘോഷം
കേരള സർക്കാർ

# ഗാന്ധിജയന്തി വാരാഘോഷം 2012

## കോളേജ് വിദ്യാർത്ഥികൾക്കുള്ള
## സംസ്ഥാനതല മത്സരങ്ങൾ

**പ്രസംഗം** (5 മിനിട്ട്-വിഷയം മത്സരത്തിന് മുൻപ് നൽകും) **ഉപന്യാസ രചന** (ഒന്നര മണിക്കൂർ- വിഷയം മത്സരത്തിന് മുൻപ് നൽകും) **ഗാന്ധി ക്വിസ്** (2 പേർ അടങ്ങിയ ടീം ആയാണ് മത്സരം. **വിഷയം ഗാന്ധിജിയും സ്വാതന്ത്ര്യസമരവും-1915** മുതലുള്ള സ്വാതന്ത്ര്യസമര ചരിത്രം; എലിമിനേഷൻ റൗണ്ട് ഉണ്ടായിരിക്കും) **ഡിബേറ്റ്** (2 പേർ അടങ്ങിയ ടീം ആയാണ് മത്സരം-ഓരോ ടീമിനും പരമാവധി 10 മിനിറ്റ് വീതം സമയം - വിഷയം മത്സരത്തിന് ഒരു മണിക്കൂർ മുമ്പ് നൽകും).

എല്ലാ മത്സരങ്ങൾക്കും ഒരു കോളേജിൽ നിന്നും ഒരു വിദ്യാർത്ഥിക്ക്/ഒരു ടീമിന് മാത്രമേ പങ്കെടുക്കുവാൻ അനുവാദമുള്ളു.

## മത്സര ഷെഡ്യൂൾ

സ്ഥലം : **വി.ജെ.റ്റി.ഹാൾ, തിരുവനന്തപുരം**
സമയം : **ഉച്ചയ്ക്കുശേഷം 2.30 മുതൽ**

| | | |
|---|---|---|
| ഒക്ടോബർ 2, ചൊവ്വ | - | **ഗാന്ധി ക്വിസ്** |
| ഒക്ടോബർ 3, ബുധൻ | - | **ഉപന്യാസം** |
| ഒക്ടോബർ 4, വ്യാഴം | - | **ഡിബേറ്റ്** |
| ഒക്ടോബർ 5, വെള്ളി | - | **പ്രസംഗം** |

NB.1) മത്സരങ്ങളിൽ പങ്കെടുക്കാൻ താത്പര്യമുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് സെപ്റ്റംബർ 30-നകം നേരിട്ടോ, തപാൽ വഴിയോ, ഇ-മെയിൽ വഴിയോ എത്തിക്കേണ്ടതാണ്. വിലാസം 'കൺവീനർ, ഗാന്ധിജയന്തി മത്സരങ്ങൾ, ഗാന്ധിയൻ പഠനകേന്ദ്രം, കേരള സർവ്വകലാശാല, തിരുവനന്തപുരം-34' ഇ-മെയിൽ: gandhijayanthi2012@gmail.com. കൂടുതൽ വിവരങ്ങൾക്ക് 0471-2305663, 9387018695 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

2) മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം കരസ്ഥമാക്കുന്നവർക്ക് ഒക്ടോബർ 8-ന് വി.ജെ.റ്റി ഹാളിൽ നടക്കുന്ന സമാപന സമ്മേളനത്തിൽവച്ച് സർട്ടിഫിക്കറ്റുകളും ട്രോഫികളും നൽകും.

**സംഘാടകർ**

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്
കേരള സർവ്വകലാശാല ഗാന്ധിയൻ പഠനകേന്ദ്രം